ആയുർവ്വേദകാളേജിലെ നിയമനങ്ങൾ.

* 1076. [30] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ജനുവരിക്കുശേഷം ആയുർവ്വേദകാളേജിൽ എത്ര പേരെ നിയമിച്ചു എന്നു പറയുമോ; അവരുടെ പേരുകൾ; ആരാണ് ഈ നിയമനങ്ങൾ നടത്തിയതു; ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു മുമ്പു് അപേക്ഷകൾ ക്ഷണിച്ചിരുന്നോ; ആരാണ് അപേക്ഷകൾ ക്ഷണിച്ചിരുന്നതു; എതെല്ലാം ഉദ്യോഗത്തിനു് എത്രവീതം അപേക്ഷകരുണ്ടായിരുന്നു.

(ബി) ആരാണ് ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തതു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

1. മിസ്സിസ് നായർ, (ലേഡി ഫിസിഷ്യൻ മെറേർനിറ്റി വാർഡു്)
2. കാലടി പരമേശ്വരൻപിള്ള, (റിസർച്ചു് പ്രഫസർ)
3. ആർ. പി. ചിറ്റേഴം, (ലക്ചറർ)
4. ജി. ഭാസ്കരപിള്ള, (പണ്ഡിറ്റു്)
5. സി. വി. താറക്കുട്ടി, (കമ്പൗണ്ടർ, മെറേർനിറ്റി വാർഡു്)
6. എ. പൊന്നേശം, (മിഡ്വൈഫു്)
7. വി. ജ്ഞാനശേൽവം (,,)
8. പി. കെ. കുഞ്ഞുമൊയ്തീൻ (ക്ലാർക്കു്)
9. ടി. ടി. തേവൻ, ,,
10. എൻ. മുഹമ്മദുക്കുട്ടി, ,,
11. എ. ശങ്കരപ്പിള്ള, (പ്യൂൺ)
12. കെ. ഗോപാലൻനായർ, (അറ്റൻഡർ)
13. അപ്പിച്ചൊറക്കൻ, (പ്രയോഗശാലാ അറ്റൻഡർ)
14. വി. ഗോപിനാഥൻ, (,,)
15. എം. മൊഹമ്മദു്, (അറ്റൻഡർ)

ഇതിൽ ആദ്യത്തെ രണ്ടുപേരെയും പെൻഷൻ പറ്റിയതിനുശേഷം പ്രിൻസിപ്പാളിന്റെ സൂപ്പർശയിന്മേൽ കാൺട്രാക്റ്റു് അടിസ്ഥാനത്തിൽ പുനർനിയമനം നടത്തിയതാണു്. അടുത്ത രണ്ടുപേരെയും പ്രിൻസിപ്പാളിന്റെ സൂപ്പർശയിന്മേൽ പുതുതായി കാൺട്രാക്റ്റു് അടിസ്ഥാനത്തിൽ നിയമിച്ചതാണു്. മേൽപ്പറഞ്ഞ നാലുദ്യോഗത്തിനും അപേക്ഷകൾ ക്ഷണിച്ചില്ല. ശേഷമുള്ള പത്തു നിയമനങ്ങൾ പി. സ. കമ്മിഷൻ അപേക്ഷകൾ ക്ഷണിച്ചു കമ്മീഷന്റെ ഉപദേശപ്രകാരം നടത്തിയിട്ടുള്ളതാണു്. കമ്പൗണ്ടർ ഉദ്യോഗത്തിനു താറക്കുട്ടി മാത്രവും, മിഡ്വൈഫു് ഉദ്യോഗത്തിനു നിയമിച്ചവരുൾപ്പടെ നാലുപേരും അപേക്ഷിച്ചിട്ടുള്ളതായി കമ്മിഷൻ അറിയിച്ചിട്ടുണ്ടു്. ക്ലാർക്കു്, പ്യൂൺ മുതലായ ഉദ്യോഗങ്ങൾക്കു നിയമനം നടത്തുന്നതു പി. സ. കമ്മീഷന്റെ പൊതുവായിട്ടുള്ള ഒരു ലിസ്റ്റിൽനിന്നും അവർ തെരഞ്ഞെടുത്തു് അറിയിക്കുന്നതനുസരിച്ചാണു്. ഒടുവിൽ പറഞ്ഞ മുഹമ്മദു് എന്ന അറ്റൻഡരെ പ്രിൻസിപ്പാളിന്റെ സൂപ്പർശയിന്മേൽ ഗവണ്മെന്റു് നിയമിച്ചതാണു്. അതിനു് അപേക്ഷകളൊന്നും വിളിച്ചില്ല.

(ബി) ഉത്തരം മേൽപ്പറഞ്ഞ ചോദ്യത്തിൽ പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly